# ഫിഷിംഗ് ആക്രമണങ്ങളെ സംബന്ധിച്ച് കസ്റ്റമേഴ്സിന് ആർബിഐ നൽകുന്ന സുപ്രധാന മുന്നറിയിപ്പ്.

- റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുമാണെന്ന് അവകാശപ്പെട്ടു കൊണ്ട് വരുന്ന ഇലക്ട്രോണിക് വിവരം ചോർത്തൽ (ഫിഷിംഗ്) ഇ-മെയിലുകൾക്ക് പ്രതികരിക്കരുത്.
- 'ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പുതുക്കുവാൻ ബാങ്ക് കസ്റ്റമേഴ്സിനെ ക്ഷണിച്ചുകൊണ്ട്' റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പേരിൽ ആണെന്ന് അവകാശപ്പെടുന്ന ഇ-മെയിലുകൾ അയക്കപ്പെടുന്നതായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
- റിസർവ്വ് ബാങ്ക് അങ്ങനെ യാതൊരു ഇ-മെയിലും അയച്ചിട്ടില്ലെന്ന് ഇതിനാൽ വ്യക്തമാക്കുന്നു. യാതൊരു ഉദ്ദേശ്യത്തിന് വേണ്ടിയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് റിസർവ്വ് ബാങ്കോ മറ്റു ബാങ്കുകളോ ഒരിക്കലും യാതൊരും കത്തുകളും അയക്കാറില്ല. അത്തരം ഇ-മെയിലുകൾക്ക് മറുപടി നൽകരുതെന്നും യാതൊരു ആവശ്യത്തിനു വേണ്ടിയും യാതൊരാളുമായും സ്വന്തം ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പങ്ക് വയ്ക്കരുതെന്നും പൊതു ജനങ്ങളോട് റിസർവ്വ് ബാങ്ക് അഭ്യർത്ഥിക്കുന്നു.
- തട്ടിപ്പുകാർ കത്തുകൾ, ഇ-മെയിലുകൾ, മൊബൈൽ ഫോണുകൾ, എസ്എംഎസ്സുകൾ തുടങ്ങിയവ വഴി പൊതുജനങ്ങൾക്ക് ആകർഷകമായ വാഗ്ദാനങ്ങളും അയച്ചുകൊടുക്കുന്നു. അത്തരം വാഗ്ദാനങ്ങൾക്ക് വിശ്വാസ്യതയുടെ പരിവേഷം നൽകുന്നതിന് അവ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പോലെ ഏതെങ്കിലും സർക്കാർ അധികാരികളുടെ ലെറ്റർ ഹെഡ്ഡിലൊ വെബ്സൈറ്റ് വഴിയോ ആണെന്നു തോന്നിക്കുന്ന മട്ടിലാണ് അയക്കുക. അത്തരം അധികാര സ്ഥാപനങ്ങളുടെ ഉയർന്ന ഭരണാധികാരികൾ അല്ലെങ്കിൽ സീനിയർ ഉദ്യോഗസ്ഥർ ആയിരിക്കും പ്രത്യക്ഷത്തിൽ ഈ ഓഫറുകളിൽ ഒപ്പിട്ടതായി കാണിച്ചിരിക്കുക. എന്നാൽ ഉദ്യോഗസ്ഥരുടെ പേരുകൾ മാത്രം ശരിയായിരിക്കും, ഒപ്പ് വ്യാജവുമായിരിക്കും. റിസർവ്വ് ബാങ്കിന്റെ അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ അധികാരികളുടെ ഏതെങ്കിലും ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്നു **എന്ന് പറയപ്പെടുന്ന ആളുടെ സമ്പർക്ക വിവരങ്ങളും ആ രേഖയിൽ അടങ്ങിയിരിക്കും. പണം വാഗ്ദാനം ചെയ്തുകൊണ്ട് വിദേശത്തു നിന്നും വരുന്ന അത്തരം ഓഫറുകൾക്ക് യാതൊരു തരത്തിലുള്ള മറുപടിയും** നൽകരുതെന്ന് റിസർവ്വ് ബാങ്ക് ഇതിനാൽ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു.
- **അജ്ഞാത സ്ഥാപനങ്ങളിൽ നിന്നുമുള്ള അത്തരം സ്കീമുകളിൽ / ഓഫറുകളിൽ പങ്കെടുക്കുന്നതിന് പണം നൽകരുതെന്ന് പൊതുജനത്തിന്** മുന്നറിയിപ്പ് നൽകുകയാണ്, കാരണം അത്തരത്തിലുള്ള റമിറ്റൻസുകൾ (പണം അയച്ചുകൊടുക്കൽ) നിയമവിരുദ്ധമാണ്. മാത്രമല്ല അത്തരം റമിറ്റൻസുകൾ ശേഖരിക്കുകയും പ്രത്യക്ഷമായോ പരോക്ഷമായോ ഇന്ത്യയ്ക്ക് വെളിയിലേയ്ക്ക് അയക്കുകയും ചെയ്യുന്ന ഏതൊരു റസിഡന്റും (ഇന്ത്യക്കകത്തു താമസിക്കുന്ന ആൾ) ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റ്, 1999-ന്റെ ഉല്ലംഘനത്തിനെതിരെ നടപടികൾ നേരിടുവാൻ ബാദ്ധ്യസ്ഥനാണ്. അത്തരം ഓഫറുകൾ വഞ്ചനാത്മകമാണ്. അതിനാൽ അത്തരം ഓഫറുകൾ ലഭിക്കുകയോ അത്തരം ചതിക്ക് ഇരയാകുകയോ ചെയ്യുന്ന പൊതുജനങ്ങൾ ഉടനെ തന്നെ ലോക്കൽ പോലീസിൽ /സൈബർ - ക്രൈം അധികാരികളുടെ അടുത്ത് പരാതി രജിസ്റ്റർ ചെയ്യണം.
- **റിസർവ്വ് ബാങ്ക് യാതൊരു തരത്തിലുള്ള പണം ഏർപ്പാടുകളും, അവ ഏതു പേരിൽ അറിയപ്പെടുന്നവ ആയാലും നടത്തുന്നില്ല. അത്തരം വ്യാജ കത്തിടപാടുകൾക്ക് മറുപടി ആയി നൽകപ്പെടുന്ന പണം** വീണ്ടെടുത്തു നൽകുന്നതിനുള്ള ഉത്തരവാദിത്വം റിസർവ്വ് ബാങ്ക് ഏറ്റെടുക്കുന്നുമില്ല.



എച്ച്ഡിഎഫ്സി ബാങ്ക്
നിങ്ങളുടെ ലോകം ഞങ്ങൾ മനസ്സിലാക്കുന്നു